# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **154/2026** തിരുവനന്തപുരം, തീയതി : **23/07/2026**

## പത്രക്കുറിപ്പ്

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയ്ക്ക് കീഴിൽ കാര്യവട്ടം ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള (ഐ.എം.കെ.), സി.എസ്.എസ്. സ്കീമിൽ നടത്തുന്ന വിവിധ എംബിഎ കോഴ്സുകളിലേക്ക് 2026 - 2028 ബാച്ച് പ്രവേശനത്തിന് താഴെപ്പറയുന്ന ഒഴിവുകളിലേക്ക് 2026 ജൂലൈ 31 (വെള്ളിയാഴ്ച്ച) രാവിലെ 11 മണി മുതൽ, കാര്യവട്ടം ഐ.എം.കെ. യിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

| PROGRAMME | CATEGORIES | VACANCIES |
|---|---|---|
| MBA General | ST | 1 |
| MBA Shipping & Logistics | BPL (EWS) | 1 |
| | ST | 1 |
| MBA Travel & Tourism | OPEN CATEGORY | 4 |
| | BPL (EWS) | 4 |
| | SC | 4 |
| | ST | 2 |
| | SEBC – EZHAVA | 2 |
| | SEBC – MUSLIM | 3 |
| | OBH | 1 |
| | SEBC – SIUC/LC/BX | 1 |

സ്പോട്ട് അഡ്മിഷൻ രജിസ്ട്രേഷൻ ഫീസ്

ജനറൽ വിഭാഗത്തിന് : ₹1000/- (ആയിരം രൂപ), SC/ST വിഭാഗത്തിന് : ₹500/- (അഞ്ഞൂറ് രൂപ)

## പരീക്ഷാഫലം

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബിഎ ഇംഗ്ലീഷ് ആന്റ് മീഡിയ സ്റ്റഡീസ് ന്യൂജെനറേഷൻ ഡബിൾ മെയിൻ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ), ജനുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ആഗസ്റ്റ് 01 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബിഎ, ബിഎസ്‌സി, ബികോം ബിബിഎ, ബിസിഎ, ബിപിഎ, ബിഎംഎസ്, ബിഎസ്ഡബ്ല്യൂ എന്നീ സി.ബി.സി.എസ്.എസ്. (സി.ആർ.) (സപ്ലിമെന്ററി – 2022 **&** 2023 അഡ്മിഷൻ), സെപ്റ്റംബർ 2026 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/ഡിസ്സേർട്ടേഷൻ/കോംപ്രിഹെൻസീവ് വൈവ/ വൈവവോസി പരീക്ഷാ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല **2026** ഏപ്രിലിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എംഎസ്‌സി ജിയോളജിയുടെ ജൂലൈ 27, 28, 29 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന പ്രാക്ടിക്കൽ/ഡിസ്സേർട്ടേഷൻ/കോംപ്രിഹെൻസീവ് വൈവ പരീക്ഷകൾ യഥാക്രമം ജൂലൈ 28, 29, 30 തീയതികളിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല **2026** ജൂലൈ 27 ന് സനാതന ധർമ്മ കോളേജ്, സനാതനപുരം പരീക്ഷാകേന്ദ്രമായി നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എംഎസ്‌സി മാത്തമാറ്റിക്സ്, ഏപ്രിൽ 2026 പരീക്ഷയുടെ പ്രോജക്ട്/കോംപ്രിഹെൻസീവ് വൈവ പരീക്ഷകൾ 2026 ജൂലൈ 28 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ. മറ്റ് പരീക്ഷാകേന്ദ്രങ്ങളിലോ പരീക്ഷാ തീയതിയിലോ മാറ്റമില്ല.

കേരളസർവകലാശാല **2026** ഏപ്രിലിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എംഎസ്‌സി ബയോടെക്നോളജി കോഴ്സിന്റെ പ്രാക്ടിക്കൽ & വൈവവോസി പരീക്ഷയിൽ കൊല്ലം, ആയൂർ മാർത്തോമ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ വച്ച് നടത്താനിരുന്ന ജൂലൈ 27, 28, 29 തീയതികളിലെ പരീക്ഷകൾ യഥാക്രമം ജൂലൈ 28, 29, 30 തീയതികളിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല. വിശദമായ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല **2026** ജൂലൈ 27, 28 തീയതികളിൽ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എംഎസ്‌സി പോളിമർ കെമിസ്ട്രി, ഏപ്രിൽ 2026 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം 28, 29 തീയതികളിലേക്ക് പുനഃക്രമീകരിച്ചിട്ടുണ്ട്.

കേരളസർവകലാശാല **2026** ജൂലൈ 27 ന് നങ്ങിയാർകുളങ്ങര ടി. കെ. മാധവ മെമ്മോറിയൽ കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എംഎസ്‌സി കെമിസ്ട്രി (ന്യൂജെൻ), ഏപ്രിൽ **2026** പരീക്ഷയുടെ പ്രാക്ടിക്കൽ 2026 ജൂലൈ **31** ലേക്ക് പുനഃക്രമീകരിച്ചിട്ടുണ്ട്.

കേരളസർവകലാശാല **2026** ജൂലൈ **27, 28** തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എംഎസ്‌സി കമ്പ്യൂട്ടർ സയൻസ്, ഏപ്രിൽ **2026** കോംപ്രിഹെൻസീവ് വൈവവോസി പരീക്ഷകൾ യഥാക്രമം ജൂലൈ **28, 29** എന്നീ തീയതികളിലേക്ക് പുനഃക്രമീകരിച്ചു. പരീക്ഷാ കേന്ദ്രത്തിലോ സമയത്തിലോ മാറ്റമില്ല.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബിഎസ്‌സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241), ജൂൺ 2026 സപ്ലിമെന്ററി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 2026 ജൂലൈ 31 ന് കാര്യവട്ടം ഗവൺമെന്റ് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല **2026** ആഗസ്റ്റ് 13 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എൽഎൽഎം വൈവവോസി ഡിഗ്രി പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബിടെക് പാർട്ട്ടൈം റീസ്ട്രക്ചേർഡ് (2008 സ്കീം), ഡിസംബർ 2024 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 ജൂലൈ 24, 25 തീയതികളിൽ റീവാല്യുവേഷൻ ഇ. ജെ. **VII** സെക്ഷനിൽ ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബിടെക് (2020 സ്കീം) ഡിസംബർ **2025** പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 ജൂലൈ 28 മുതൽ 30 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ. ജെ. **VII** സെക്ഷനിൽ ഹാജരാകേണ്ടതാണ്.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**